# Deepika

## 28 August 2018

## Kochi: After flood, Relief operations, Flood relief fund



### കണ്ടെയ്നർ ഉടമകൾ ദുരിതാശ്വാസ സഹായം നൽകി

കൊച്ചി: പ്രളയദുരന്ത ബാധിതർക്കായി കൊച്ചിൻ കണ്ടെയ്നർ കാരിയർ ഓണേഴ്സ് വെൽഫയർ അസോസിയേഷന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ സഹായം നൽകി. സ്നേഹപൂർവം പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ നിറച്ച ആദ്യവാഹനത്തിന്റെ ഫ്ളാഗ് ഓഫ് കർമം കെ.ജെ. മാക്സി എംഎൽഎ നിർവഹിച്ചു.

അരി, പഞ്ചസാര, തേയില, റവ, ആട്ട, പരിപ്പ്, പയർ, വെളിച്ചെണ്ണ, മുളകുപൊടി, സവാള, ഉപ്പ് എന്നിവയടക്കം 13 ഇനം സാധനങ്ങളടങ്ങിയ 1000 കിറ്റുകളാണു വിതരണം ചെയ്തത്. ചടങ്ങിൽ അസോസിയേഷൻ പ്രസിഡന്റ് വി.പി. ചന്ദ്രശേഖര മേനോൻ, സെക്രട്ടറി ടോമി തോമസ്, വിടിഒഎ പ്രസിഡന്റ് പി.എ. ഷമീർ തുടങ്ങിയവർ പങ്കെടുത്തു.

### ബിഎസ്എൻഎൽ പെൻഷൻകാർ ഏഴു ലക്ഷം നൽകി

കൊച്ചി: പ്രളയദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ ബിഎസ്എൻഎൽ പെൻഷണേഴ്സ് വെൽഫെയർ അസോസിയേഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഏഴു ലക്ഷം രൂപ നൽകി. അഖിലേന്ത്യാ പ്രസിഡന്റ് പി.എസ്. രാമൻകുട്ടി, സംസ്ഥാന സെക്രട്ടറി ടി.പി. ജോർജ്, ജില്ലാ സെക്രട്ടറി കെ.എ. അഗസ്റ്റിൻ എന്നിവർ ചേർന്നാണ് തുക കൈമാറിയത്.